മൂലഗംഗയിൽ കൊടങ്കരപ്പള്ളം നദിയാണ് അതിർത്തിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സർവ്വെ ഡിപ്പാർട്ടുമെന്റിലെ രേഖയനുസരിച്ച് അതിന്റെ അതിർത്തിയിൽ മാറ്റമുണ്ടാകണമെന്ന് ഒരു രേഖയിൽ കാണുന്നുണ്ട്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല കൈകൂന്തൽ വില്ലേജിൽപ്പെട്ട രാമക്കൽമേട് കാർഡമം റിൽ റിസർവോയറിൽപ്പെട്ടതാണെങ്കിലും അവിടെ പുൽമേടുകളാണ് വളരുന്നത്. പ്രകൃതിയുടെ പ്രത്യേകതകൊണ്ട് അവിടെ വലിയ മരങ്ങൾ വളരുന്ന സ്ഥലമല്ല. അവിടെ തമിഴ്നാട് ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തി. പക്ഷേ, സംസ്ഥാന ഗവൺമെന്റ് ഇത് എടുത്തുമാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് പൂർണ്ണമായും നമ്മുടെ കസ്റ്റഡിയിലാണ്. അതുപോലെ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുവേണ്ടി തമിഴ്നാട് ഗവൺമെന്റ് നിയോഗിച്ച ഒരു ഏജൻസി നമ്മുടെ ഈ അതിർത്തിയിൽ വന്ന് സർവ്വെ നടത്തിയെന്ന് പറയുന്നത് ശരിയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിനെതിരെയുള്ള ശക്തമായ നടപടി നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുമിളി മുതൽ ശൂലപ്പാറവരെയുള്ള അതിർത്തിയിൽ ചെല്ലാർ, കോവിൽമേട്, ശൂലപ്പാറ എന്നീ സ്ഥലങ്ങളാണ് ഫോറസ്റ്റ് വകുപ്പിന്റെ കീഴിലുള്ളത്. ആ സ്ഥലങ്ങളിൽ കുമിളി റെയിഞ്ച് ആഫീസർമാർ പട്രോളിംഗ് നടത്തുന്നുണ്ട്. കൈയേറ്റമില്ലെന്ന് ഉറപ്പിക്കാൻവേണ്ടിയുള്ള നടപടികളും നമ്മൾ സ്വീകരിക്കുന്നുണ്ട്. അതുപോലെ അച്ചൻകോവിൽ നദിയുമായി ബന്ധപ്പെട്ട് മേക്കര ഡാമിൽ ഇതുമായി ബന്ധപ്പെട്ട സർവ്വേയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. എനിക്ക് ഒരുകാര്യം തറപ്പിച്ച് സൂചിപ്പിക്കാനുള്ളത്, കേരളത്തിന്റെ ഒരിഞ്ച് ഭൂമിപോലും മറ്റൊരു സംസ്ഥാനത്തിനും വിട്ടുകൊടുക്കാനോ കൈയേറ്റം നടത്താനോ അനുവദിക്കുന്ന പ്രശ്നമില്ല. കേരളത്തിനർഹതപ്പെട്ട വെള്ളം ഊറ്റിയെടുക്കുന്നതിന് അനുമതി കൊടുക്കുന്ന പ്രശ്നമില്ല. കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള എല്ലാ ഗവൺമെന്റുകളും – ഒരു ഗവൺമെന്റ് മാത്രമല്ല എല്ലാ ഗവൺമെന്റുകളും – അതിന് അനുകൂലമായ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്. കൈയേറ്റത്തെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെന്റ് അതിനെ ശക്തമായി നേരിടുന്നതാണ്. അതിന് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും സഹകരണമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(15) തലസ്ഥാന നഗരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ പ്രാവർത്തികമാക്കാനും തിരുവനന്തപുരത്തെ ഒരു മെട്രോ നഗരമായി ഉയർത്താനും നടപടി

ശ്രീ. പിരപ്പൻകോട് മുരളി: സർ, തലസ്ഥാന ജില്ലയോടും നഗരത്തോടും കാണിക്കുന്ന അവഗണന ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി, അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. തിരുവനന്തപുരം ജില്ലയുടേയും തലസ്ഥാന നഗരത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനുമായി ആവിഷ്കരിച്ച നിരവധി പദ്ധതികൾ പ്രാവർത്തികമാക്കാൻ സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ മാത്രം പറയാം. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം, വിഴിഞ്ഞം ഹാർബറിന്റെയും കണ്ടെയ്നർ ടെർമിനലിന്റെയും നിർമ്മാണം, തലസ്ഥാനത്തെ ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച്, തെന്നിന്ത്യൻ തലസ്ഥാന നഗരികൾക്കൊപ്പം തിരുവനന്തപുരം നഗരത്തെ മെട്രോ നഗരമാക്കാനുള്ള ആവശ്യം ഇതൊക്കെ നിഷ്കരുണം തള്ളിക്കളഞ്ഞിരിക്കുകയാണ്. നഗരത്തെ കേവലം ടൗണാക്കി വെറും അണ്ടർ പാസേജിൽ ഒതുക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബയോടെക്നോളജി പാർക്ക് ഒരു മരീചികയായി മാറി. കഴക്കൂട്ടം-കോവളം ബൈപാസ്, ഒരു ഐ.ടി. വേൾഡ് ആക്കാനുള്ള ആവശ്യം, ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാറ്റസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഉയർത്തണമെന്ന ആവശ്യം, പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ പൂർത്തീകരണം, ആക്കുളത്ത് ഇന്റർനാഷണൽ കൺവെൻഷണൽ സെന്റർ നിർമ്മിക്കൽ, വർക്കല-പൊന്മുടി ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം ഇവ ഒന്നുപോലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.എഫ്. പ്രവർത്തകർ നിയമസഭയുടെ മുന്നിലേക്ക് മാർച്ച് നടത്തുന്ന വിവരം ഞാൻ അങ്ങയെ അറിയിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ജില്ലയുടെ വികസനപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, തലസ്ഥാന നഗരിയുടെ വികസനത്തിന് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതാണ്. ഇന്ന് ഇവിടെ ഉദ്ഘാടനം ചെയ്യുന്ന അണ്ടർപാസ് ഏഴര മാസംപോലും പൂർത്തിയാകുന്നതിനുമുൻപ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും പൊതുമാരാമത്ത് വകുപ്പുമന്ത്രി ഇന്ന് സ്വർണ്ണമോതിരം വാങ്ങുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ വികസന രംഗത്ത് ഇത് ആദ്യമായി തന്നെയാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പിന്നെ തമ്പാനൂർ വെള്ളം കെട്ടിനിൽക്കുന്നത് എത്രയോ വർഷങ്ങളായുള്ള പ്രശ്നമാണ്. ഇപ്പോൾ താൽക്കാലികമായിട്ടുള്ള അടിയന്തിര നടപടികൾകൊണ്ട് ഈ പ്രാവശ്യം അവിടെ റിസൽട്ട് കാണിക്കാൻ സാധിച്ചു. വെള്ളം വന്നതുകൊണ്ടാണ് ശാശ്വതമായിട്ടുള്ള പണികൾ നിർത്തിവയ്ക്കേണ്ടി വന്നത്. തമ്പാനൂരിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭൂമി വിട്ടുകൊടുക്കാതിരുന്നതുകൊണ്ട് അന്താരാഷ്ട്ര വിമാനത്താവളം വർഷങ്ങളായി പണി നടക്കാതിരിക്കുകയായിരുന്നു. അതിൽ 27 ഏക്കർ സ്ഥലം കൊടുത്തു. ഒന്നാം ഘട്ടത്തിനുള്ള എല്ലാ ക്ലിയറൻസും ആയി. ഉടനെ അതിന്റെ

പണി തുടങ്ങും. രണ്ടാം ഘട്ടമായാലേ വിമാനത്താവളത്തിന്റെ വികസനം പൂർണ്ണമാവുകയുള്ളൂ. അതിന് വിമാനത്താവള അധികൃതർ ആവശ്യപ്പെട്ടാൽ സ്ഥലം കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കും. ഹൈക്കോടതി ബഞ്ചിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ അതു സംബന്ധിച്ച് ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമകാര്യ വകുപ്പുമന്ത്രിക്ക് ഈ നിയമസഭ ഇതുവരെ പാസാക്കിയിട്ടുള്ള പ്രമേയങ്ങൾ എല്ലാംകൂടി ഓർമ്മിപ്പിച്ചുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. പക്ഷേ, അത് സംബന്ധിച്ച് ഉറപ്പ് പറയാൻ പറ്റാത്ത നിലയിലാണ്. പിന്നെ തലസ്ഥാനനഗരിയിലെ വൈദ്യുതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 139 കോടി രൂപയുടെ പദ്ധതി ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കി നടപ്പിലാക്കുന്നു. തിരുവനന്തപുരം സിറ്റിക്കുവേണ്ടി പ്രത്യേകമായ ഒരു പാക്കേജ് തയ്യാറാക്കിവരുകയാണ്. അങ്ങ് പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽകുളത്തിന്റെ കാര്യം പറഞ്ഞു. 2000 ജൂൺ 3-ന് തറക്കല്ലിടുന്ന സമയത്ത് ആ പ്രോജക്ടിന് ഭരണാനുമതി കൊടുത്തിരുന്നില്ല. അതിന്റെ പണി തുടങ്ങി. ഇടയ്ക്ക് നിന്നു. വീണ്ടും ടെന്റർ ചെയ്തു കൊടുക്കുകയാണ്. തറക്കല്ലിടുന്ന സമയത്ത് ആ പ്രോജക്ടിന് ഭരണാനുമതി കൊടുത്തിരുന്നില്ല അതിനുശേഷം സ്പോർട്സ് കൗൺസിൽ അംഗീകാരം കൊടുത്ത് 58,00,000 രൂപയ്ക്ക് പ്രസ്തുത പണിയുടെ പൈലിംഗ് ആരംഭിച്ചു. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത കരാറുകാരൻ പണി നിർത്തിവച്ചു. അങ്ങ് ഇവിടെ പറഞ്ഞ സ്ഥിതിക്ക് അതിന്റെ എ.എസ്. എന്നാണ് കൊടുത്തത് എന്നുള്ള വിവരം അങ്ങയെ അറിയിക്കാം. പാളയം അണ്ടർ പാസിന്റെ പണി ഉദ്ഘാടനം ചെയ്തു എന്ന് ഞാൻ പ്രഖ്യാപിച്ചപ്പോൾത്തന്നെ അവിടെ പണി തുടങ്ങാനുള്ള എക്വിപ്മെന്റ്സുമായിട്ട് എത്തി പണി തുടങ്ങി. രണ്ടും ഒരേ സമയത്തായിരുന്നു. അങ്ങയോട് ഒരു കാര്യം വ്യക്തമാക്കുന്നു. തിരുവനന്തപുരം നഗരത്തിന്റെയും സമീപ പ്രദേശങ്ങളുടെയും വികസനമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യ അജണ്ട. ആ പരമ്യത്തിനകത്തുതന്നെ ഇതുവരെ ചെയ്തിട്ടുള്ള മുഴുവൻ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം ഇൻഡ്യയിലെ മാത്രമല്ല നമ്മുടെ ഭൂഖണ്ഡത്തിലെ ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ള ഒരു തുറമുഖമാണ് എന്ന് കണ്ടറിഞ്ഞുകൊണ്ട് അതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു. അതിനുവേണ്ടി കമ്പനി ഫോം ചെയ്തു. ഗ്ലോബൽ ടെന്റർ ക്ഷണിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ആളുകളാണ് തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുമെന്ന് ഗവൺമെന്റ് ഉറപ്പു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly